പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2261 23-03-2012 ന് മറുപടിയ്ക്ക്

വന്യമൃഗങ്ങളുടെ ആക്രമണങ്ങൾക്കിരയായവർക്ക് സഹായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : | ശ്രീ. കെ.ബി. ഗണേഷ് കുമാർ. (വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി ) |
| എ) വന്യമൃഗങ്ങളുടെ ആക്രമണത്തിൽപ്പെട്ട് മരിക്കുകയും ഗുരുതരമായ അപകടം സംഭവിക്കുകയും ചെയ്യുന്നവർക്ക് സഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ ; | എ) ഉണ്ട്. |
| ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ; | ബി) വന്യമൃഗങ്ങളുടെ ആക്രമണത്തിൽപ്പെട്ട് മരണമടയുകയും ഗുരുതരമായ പരിക്ക പറ്റുകയും ചെയ്യുന്നവർക്ക് നഷ്ട പരിഹാരം നൽകുന്നതിനുള്ള ചട്ടങ്ങൾ (The Kerala Rules for Payment of Compensation to Victims of attack by Wild Animals, 1980) 1980 ജൂലായ് 15 ന് നിലവിൽ വന്നു. ഈ ചട്ടങ്ങളും കാലാകാലങ്ങളിൽ വരുത്തിയിട്ടുള്ള ഭേദഗതികളും പ്രകാരമാണ് വന്യജീവി ആക്രമണത്തിൽ മരണപ്പെടുകയും പരിക്കേൽക്കുകയും ചെയ്യുന്നവർക്ക് നഷ്ട പരിഹാരം നൽകുന്നത്. പ്രസ്തുത ചട്ടങ്ങൾ പ്രകാരം വന്യജീവി ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്ക് 3 ലക്ഷം രൂപയും വനത്തിന് പുറത്ത് വെച്ച് പാമ്പ് കടിയേറ്റ് ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്ക് 1 ലക്ഷം |

രൂപയുമാണ് ഇപ്പോൾ നഷ്ടപരിഹാരം അനുവദിക്കുന്നത്. സ്ഥിരമായി അംഗവൈകല്യം സംഭവിക്കുന്നവർക്ക് 25,000 രൂപയാണ് നഷ്ടപരിഹാരം നൽകുന്നത്. വന്യജീവി ആക്രമണം മൂലം പരിക്കു പറ്റുന്നവർക്ക് പരിക്കിന്റെ സ്വഭാവമനുസരിച്ച് പരമാവധി 5,000 രൂപ വരെ അനുവദിക്കുവാൻ വ്യവസ്ഥയുണ്ട്. വീടുകൾ, കന്നുകാലികൾ തുടങ്ങിയവയ്ക്ക് സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് 50,000 രൂപയിൽ അധികരിക്കാത്ത തുക നഷ്ട പരിഹാരമായി നൽകുന്നുണ്ട്.

സി) ഈ തുകയിൽ കാലാനുസൃതമായ വർദ്ധനവ് വരുത്തിയിട്ടുണ്ടോ ;

സി) ഉണ്ട്. നഷ്ടപരിഹാര തുകകളിൽ കാലാനുസൃതമായ വർദ്ധനവ് വരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1988 ൽ ജീവഹാനിക്ക് നൽകിയിരുന്ന നഷ്ടപരിഹാര തുക 10,000 രൂപയായിരുന്നത് 2005 ൽ 50,000 രൂപയായും 2007 ൽ 1 ലക്ഷം രൂപയായും 2010 ൽ 3 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതുപോലെ കൃഷി, കന്നുകാലികൾ തുടങ്ങിയവയ്ക്ക് നാശം സംഭവിക്കുന്നത് മൂലമുള്ള പരമാവധി നഷ്ട പരിഹാര തുക 1988 ൽ 5000 രൂപയായിരുന്നത് ഇപ്പോൾ 50,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. സ്ഥിരമായി അംഗവൈകല്യം സംഭവിക്കുന്നവർക്കുള്ള നഷ്ട പരിഹാര തുക 10,000 രൂപയായിരുന്നത് ഇപ്പോൾ പരമാവധി തുക 25,000 രൂപയായി വർദ്ധിപ്പി

ച്ചിട്ടുണ്ട്. വന്യജീവി ആക്രമണത്തിൽ പരിക്ക് പറ്റുന്നവർ ക്കുള്ള നഷ്ട പരിഹാര തുക 1000 രൂപ യായിരുന്നത് ഇപ്പോൾ 5000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വനത്തിന് പുറത്ത് വെച്ച് പാമ്പ് കടിയേറ്റ് മരണപ്പെടുന്ന വരുടെ ആശ്രിതർക്ക് ഇപ്പോൾ നൽകുന്ന നഷ്ടപരിഹാരം 1 ലക്ഷം രൂപയാണ്. ഏറ്റവും അവസാനമായി 7.7.2010 ലെ ജി.ഒ (ആർ.റ്റി) 297/10/F&WLD പ്രകാരമാണ് വന്യമൃഗ ആക്രമണത്തിന് ഇരയാകുന്നവർക്കുള്ള നഷ്ട പരിഹാര തുക വർദ്ധിപ്പിച്ചത്.

| | |
|---|---|
| ഡി) ഇല്ലെങ്കിൽ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ? | ഡി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ